## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3036 — 22.02.2016-ൽ മറുപടിക്ക്

## സമ്പൂർണ്ണ ശുചിത്വ സംസ്ഥാനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.ഹംസ | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) 'സമ്പൂർണ്ണ ശുചിത്വ സംസ്ഥാനം' എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ; | (എ) സമ്പൂർണ്ണ ശുചിത്വ സംസ്ഥാനം എന്ന ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ എല്ലാ കുടുംബങ്ങൾക്കും ശുചിത്വ സൗകര്യം ലഭ്യമാക്കി തുറസായ സ്ഥലത്ത് മലവിസർജനം ഒഴിവാക്കുന്നതിനുവേണ്ടി ഗാർഹിക കക്കൂസുകളും പൊതുശുചിത്വ സമുച്ചയങ്ങളും, എല്ലാ സർക്കാർ സ്ക്കൂളുകളിലും സർക്കാർ അംഗനവാടികളിലും ടോയ്ലറ്റ് സൗകര്യം, മാലിന്യ സംസ്ക്കരണത്തിനുള്ള പൊതുസംവിധാനങ്ങളും ഉറവിട മാലിന്യ സംസ്ക്കരണ സംവിധാനങ്ങളും ആരോഗ്യപരിസ്ഥിതി സംരക്ഷണത്തിന് അനുകൂലമായ ശീലവൽക്കരണത്തിനുവേണ്ടിയുള്ള വിവരവിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നിർവഹിക്കപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പ്രവർത്തനത്തിന് വേണ്ടുന്ന ധനം സംസ്ഥാന പ്ലാൻ ഫണ്ടിന്റെ ഭാഗമായും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയും വകയിരുത്തി അനുവദിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യം സംസ്ക്കരണം നടത്തുന്നതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (ബി) | 1. പുതിയ പൊതു ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകൾക്ക് പ്രോത്സാഹനം.<br>2. നിലവിലുള്ള പ്ലാന്റുകളുടെ അറ്റകുറ്റപണിക്ക് സഹായം<br>3. വികേന്ദ്രീകൃതമായി ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ (ഗാർഹിക/സ്ഥാപന/സാമൂഹിക തലങ്ങളിൽ) സംസ്ക്കരിക്കുന്നതിന് പ്രോത്സാഹനവും സഹായവും.<br>4. അജൈവ മാലിന്യം തരംതിരിച്ച് പുന:ചംക്രമണത്തിനായി നൽകുന്ന പ്രവർത്തനത്തിന്റെ ഭാഗമായി അവ ശേഖരിച്ച് താത്കാലികമായി സൂക്ഷിക്കുന്നതിനുള്ള മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കുവാൻ സഹായം. |
| (സി) | അതിനായി എത്ര തുക അനുവദിച്ചു; വിശദാംശം ലഭ്യമാക്കാമോ ? | (സി) | 920 ഗ്രാമപഞ്ചായത്തുകളിൽ മാലിന്യ സംസ്ക്കരണത്തിന്റെ ഭാഗമായി സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും 2735.59 ലക്ഷം രൂപയും കേന്ദ്ര സർക്കാർ ഫണ്ടായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)-ൽ നിന്നും 839.94 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**